# മിശ്ര വിവാഹ ദമ്പതിമാർക്ക്

# സെയ്ഫ് ഹോമുകൾ ആരംഭിക്കും

ആലപ്പുഴ: സാമൂഹ്യപ്രശ്നങ്ങൾ നേരിടുന്ന മിശ്ര വിവാഹ ദമ്പതിമാർക്ക് സുരക്ഷിതമായി താമസിക്കുന്നതിന് എല്ലാ ജില്ലകളിലും സെയ്ഫ് ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സാമൂഹ്യനീതി വകുപ്പ് സ്വീകരിക്കുന്നു. ഒരു ഹോമിൽ പരമാവധി 10 ദമ്പതിമാർക്ക് ഒരേ സമയം താമസ സൗകര്യം ഒരുക്കാൻ കഴിയുന്ന സന്നദ്ധ സംഘടനകളിൽ നിന്ന് വിശദമായ പ്രൊപ്പോസൽ ക്ഷണിച്ചു. താമസ കാലയളവിൽ ദമ്പതിമാർക്ക് ഭക്ഷണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഹോമിൽ ലഭിക്കും. താൽപര്യമുള്ള സന്നദ്ധ സംഘടനകൾ അതത് ജില്ലകളിലെ സാമൂഹ്യനീതി ഓഫീസുകളിൽ മാർച്ച് 20നകം വിശദമായ പ്രൊപ്പാസലുകൾ നൽകണം. മുൻപ് താൽപര്യപത്രം സമർപ്പിച്ചിട്ടുള്ള സംഘടനകൾ വീണ്ടും പ്രോപ്പോസൽ നൽകേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസുകളിലോ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, അഞ്ചാം നില, വികാസ് ഭവൻ തിരുവന്തരം എന്ന വിലാസത്തിലോ ബന്ധപ്പെടാം. ഫോൺ 0471– 2306040.

# വസ്തു ലേലം

ആലപ്പുഴ: കാർത്തികപ്പള്ളി താലൂക്കിൽ പത്തിയൂർ വില്ലേജിൽ റവന്യൂ റിക്കവറി പ്രകാരം ജപ്തി ചെയ്ത 28413 ◌ാ◌ം നമ്പർ തണ്ടപ്പേരിൽ ബ്ളോക്ക് നമ്പർ 21–ൽ
റീസർവ്വെ 341/13/2 ൽപ്പെട്ട 08.10 ആർസ്
നിലം, റീസർവ്വെ 341/15/2ൽ 04.05 ആർസ് നിലം, തണ്ടപ്പേർ നമ്പർ 27697 പ്രകാരമുള്ള റീസർവ്വെ 341/14ൽ 06.42 ആർസ്

പുരയിടം എന്നീ വസ്തുക്കളുടെ ലേലം മാർച്ച് 27ന് പകൽ 11ന് പത്തിയൂർ വില്ലേജോഫീസിൽ നടക്കും.

**പട്ടികജാതി -ഗോത്രവർഗ്ഗ കമ്മീഷൻ അദാലത്ത് മാറ്റി**

ആലപ്പുഴ :സംസ്ഥാന പട്ടിക ജാതി പട്ടിക ഗോത്ര വർഗ കമ്മീഷന്റെ ഈ മാസം 24, 25 തിയതികളിൽ ജില്ലയിൽ നടത്താനിരുന്ന പരാതി പരിഹാര അദാലത്ത് റദ്ദാക്കിയതായി രജിസ്ട്രാർ അറിയിച്ചു. അദാലത്തിന്റെ പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

**ക്വട്ടേഷൻ ക്ഷണിച്ചു**

ആലപ്പുഴ: ഗവ. മെഡിക്കൽ കോളജിലെ ട്രോമാകെയർ വിഭാഗത്തിലേക്ക് ലാമിപഞ്ച് ആൻഡ് ഡിസ്ക് പഞ്ച് വേരിയസ് സൈസ്, ബോൺ നിബ്ലർ ഡബിൾ ആക്ഷൻ ആൻഡ് റിഡക്ഷൻ ഫോർസെഫ് സ്പീഡ് ലോക്ക് പോയിന്റ്സ് വേരിയസ് സൈസ്, ടി ഹാൻഡിൽ ആൻഡ് സെൽഫ് റീടെയിനിങ് റിട്രാക്ടർ അഡ്ജ് ഇന്റർ ചേംഞ്ചബിൾ ബ്ലെയ്ഡ്, സെൽഫ് റീടെയിനിങ് റിട്രാക്ടർ വേരിയസ് സൈസ് വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. പ്രിൻസിപ്പൽ, ഗവ. ടി.ഡി. മെഡിക്കൽ കോളജ്, ആലപ്പുഴ-688 005 എന്ന വിലാസത്തിൽ ഏപ്രിൽ രണ്ടു വരെ ക്വട്ടേഷൻ നൽകാം. ക്വട്ടേഷനുകൾ ഏപ്രില് 3 ഉച്ചകഴിഞ്ഞ് യഥാക്രമം 2.00, 2.30, 3.30, 3.00 എന്നീ സമയങ്ങളിൽ തുറക്കും. ഫോൺ:0477-2282015.

**ബി.എസ് -6 അല്ലാത്ത വാഹനങ്ങൾ**

**31ന് ശേഷം രജിസ്റ്റർ ചെയ്യില്ല**

ആലപ്പഴ: സുപ്രീം കോടതിയുടെ ഉത്തരവനുസരിച്ച് മാർച്ച് 31ന് ശേഷം ബി.എസ് ആറ് അല്ലാത്ത വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതല്ല. ബി.എസ് ആറ് അല്ലാത്ത വാഹനങ്ങൾ ഇനിയും രജിസ്റ്റർ ചെയ്യാത്തവരുണ്ടെങ്കിൽ അവർ എത്രയും പെട്ടെന്ന് മാർച്ച് 31ന് മുമ്പ് തന്നെ രജിസ്റ്റർ ചെയ്യണമെന്ന് ആലപ്പഴ ആർ.ടി.ഒ അറിയിച്ചു.